ല ൂ ക്കാ 4 : 1 - 1 3

**2024 ഫെബ്രുവരി 11**

# വചനഭാഷ്യം

**ഡോ. വർഗീസ് അമ്പലത്തിങ്കൽ**

**നാല്പതു ദിവസത്തെ ഉപവാസം**

ആത്മവിശുദ്ധീകരണത്തിന്റെ വലിയ നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുന്നത്. മരുഭൂമിയുടെ വിജനതയിൽ പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന യേശുവിനെ ധ്യാനിച്ചുകൊണ്ടാണ് ഈ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുക.

ദൈവാത്മാവിനാൽ നിറഞ്ഞ്, ദൈവാത്മാവനാൽ നയിക്കപ്പെട്ടതായിരുന്നു യേശുവിന്റെ ജീവിതം - (ലൂക്കാ 3:22) പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു; 4:1 - യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി ജോർദാനിൽ നിന്നു മടങ്ങി. ആത്മാവാൽ അവൻ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു; 4:14 - യേശു ആത്മാവിന്റെ ശക്തിയോടുകൂടെ ഗലീലിയിലേക്കു മടങ്ങിപ്പോയി; 4:18 - കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്...) ജോർദാനിൽ ജ്ഞാനസ്നാനവേളയിൽ യേശുവിന്റെ മേൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവാണ് മരുഭൂമിയുടെ വിജനതയിലേക്ക് അവിടുത്തെ നയിക്കുക. ജ്ഞാനസ്നാന വേളയിലാണ് യേശുവിന്റെ വ്യക്തിത്വവും ദൗത്യവും വെളിപ്പെടുന്നത്. ‘‘സ്വർഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു’’ (ലൂക്കാ 3:22). എന്റെ പ്രിയപുത്രൻ എന്ന പ്രയോഗം പിതൃ-പുത്രബന്ധത്തിന്റെ തീവ്രതയാണ് ഊന്നിപ്പറയുന്നത്. ഈശോ തന്റെ ദൗത്യം പൂർത്തീകരിക്കുന്നത് ദൈവത്തിന്റെ പുത്രനെന്ന നിലയിലാണ്.

ജ്ഞാനസ്നാനവും അവിടുത്തെ പരീക്ഷണങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. ജ്ഞാനസ്നാന വേളയിൽ ദൈവം തന്നെ വെളിപ്പെടുത്തിയ ഈശോയുടെ ദൈവപുത്രത്വം ഇപ്പോൾ പിശാചിനാൽ പരീക്ഷിക്കപ്പെടുകയാണ്. യേശു ദൈവത്തിന്റെ പ്രിയപുത്രനാണെങ്കിൽ അവിടുന്ന് എപ്രകാരമാണ് പ്രിയപുത്രനെ പോലെ പ്രവർത്തിക്കേണ്ടത് എന്നത് യേശുവിന് ആന്തരീകമായൊരു പോരാട്ടമായിരുന്നു. മൂന്നു പ്രലോഭനങ്ങളിലൂടെയും പരീക്ഷകൻ യേശുവിനെ വെല്ലുവിളിക്കുന്നത് തന്റെ പുത്രത്വം വെളിപ്പെടുത്താനാണ്.

പിശാചിന്റെ ആദ്യപ്രലോഭനം ആരംഭിക്കുന്നത്, ‘‘നീ ദൈവപുത്രനാണെങ്കിൽ’’ എന്ന ചോദ്യവുമായിട്ടാണ്. നാല്പതു ദിവസം ഒന്നും ഭക്ഷിക്കാതിരുന്ന ഈശോയ്ക്ക് അതിനുശേഷം വിശന്നുവെന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു. തന്റെ വിശപ്പിനെ ശമിപ്പിക്കാനുള്ള പരീക്ഷണമാണ് ഈശോ നേരിടുന്ന ആദ്യ വെല്ലുവിളി. തന്റെ ശാരീരികാവശ്യത്തെ തൃപ്തിപ്പെടുത്താൻ തന്റെ ദൈവപുത്രസ്ഥാനത്തെയും തനിക്ക് ലഭിച്ചിരിക്കുന്ന കഴിവിനെയും അത്ഭുതസിദ്ധിയെയും പ്രയോജനപ്പെടുത്താനാണ് പിശാച് യേശുവിനെ പ്രലോഭിപ്പിക്കുന്നത്. ഈ പരീക്ഷണവേളയിൽ ദൈവാത്മാവിനാൽ നയിക്കപ്പെടാൻ തന്നെത്തന്നെ യേശു വിട്ടു കൊടുക്കുമോ? പിതാവായ ദൈവത്തിൽ യേശു പൂർണ്ണമായി ആശ്രയിക്കുമോ? തനിക്ക് ലഭിച്ചിരിക്കുന്ന ദൈവപുത്ര സ്ഥാനം തന്റെ ശാരീരികാവശ്യങ്ങളെ തൃപ്തിപ്പെടുത്താനായി യേശു ഉപയോഗിക്കുക? ഈ ചോദ്യങ്ങൾ ഇവിടെ വളരെ പ്രസക്തമാണ്. (Will Jesus follow the leading of the Spirit and manifest unwavering trust in God to supply his needs; or will be releieve his hunger by excercising his power apart from God?) കല്ലുകളെ അപ്പമാക്കി മാറ്റിക്കൊണ്ട് തന്റെ ദൈവപുത്രത്വം വെളിപ്പെടുത്താൻ പിശാച് ഈശോയെ വെല്ലുവിളിക്കുമ്പോൾ നിയമാവർത്തനം 8, 3 ഉദ്ധരിച്ചുകൊണ്ട് ഈശോ അതിനു മറുപടി നല്കുന്നു. ‘‘മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്.’’ ഈശോ ദൈവപിതാവിന്റെ ഹിതം നിറവേറ്റുവാനാണ് ആഗ്രഹിക്കുന്നത്. തന്നെ പോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വചനത്തിൽ ഈശോ തന്നെത്തന്നെ സമർപ്പിക്കുന്നു.

രണ്ടാമത്തെ പ്രലോഭനത്തിൽ പിശാച് യേശുവിനെ ഒരു ഉയർന്ന സ്ഥലത്തേക്ക് കൊണ്ടുപോയി ഭൂമിയിലെ സകല രാജ്യങ്ങളും അവളുടെ മഹത്ത്വവും ക്ഷണനേരം കൊണ്ട് കാണിച്ചുകൊടുത്തുകൊണ്ട് തന്നെ ആരാധിച്ചാൽ ഇവയെല്ലാം യേശുവിനു നല്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ‘‘ദൈവപുത്രൻ’’ എന്ന തന്റെ വ്യക്തിത്വം നിഷേധിച്ച പിശാചുമായി തത്തുല്യമായ ഒരു ബന്ധം സ്ഥാപിക്കാനാണ് ഈ പ്രലോഭനത്തിലൂടെ പരീക്ഷകൻ യേശുവിനെ ക്ഷണിക്കുന്നത്. സങ്കീർത്തനം 2:8-ൽ പിതാവായ ദൈവം തന്റെ പുത്രനോട് പറയുന്നത് ഇപ്രകാരമാണ്: നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു

ജന്മം നല്കി. എന്നോട് ചോദിച്ചുകൊള്ളുക, ഞാൻ നിനക്കു ജനതകളെ അവകാശമായിത്തരും; ഭൂമിയുടെ അതിരുകൾ നിനക്ക് അധീനമാകും.'' ലോകം മുഴുവനിലുമുള്ള ദൈവത്തിന്റെ ആധിപത്യം നിഷേധിക്കുവാനും തന്നെത്തന്നെ ദൈവമാക്കിക്കൊണ്ട് ദൈവതുല്യമായ ആദരവുകളും ബഹുമാനങ്ങളും തനിക്ക് നല്കാനാണ് പിശാച് ആവശ്യപ്പെടുന്നത്. ഈ വെല്ലുവിളിയും ഒരു പഴയ നിയമ വചനം ഉദ്ധരിച്ചുകൊണ്ടാണ് ഈശോ നേരിടുന്നത്. നിയമാവർത്തനം 6:13 ആണ് ഇവിടെ ഉദ്ധരിക്കപ്പെടുന്നത്. ഉടമ്പടി ജനതയ്ക്ക് ദൈവം കല്പിച്ചു നല്കിയ അടിസ്ഥാനപരമായ കടമയാണ് ഏകദൈവവിശ്വാസം. ദൈവത്തെ മാത്രമേ ആരാധിക്കാവൂ; അവിടുത്തെ മാത്രമേ സേവിക്കാവൂ (പുറ. 20:2–6). ഉടമ്പടിയുടെ ദൈവത്തോട് അവർ അവിശ്വസ്തത കാട്ടി. അവർ വിഗ്രഹാരാധനയിലേക്ക് വഴുതി വീണു (പുറ. 32). എന്നാൽ വിഗ്രാഹാരാധനയ്ക്കായുള്ള പ്രലോഭനത്തെ ഈശോ അതിജീവിക്കുകയാണിവിടെ.

ലൂക്കായുടെ വിവരണത്തിൽ ജെറുസലേമാണ് അവസാന പ്രലോഭനത്തിന്റെ രംഗവേദി. തന്റെ പരസ്യജീവിതാവസാനത്തിൽ കുരിശുമരണ സമയത്ത് ജെറുസലേമിൽ യേശു നേരിടുന്ന അന്ത്യപ്രലോഭനത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഈശോയുടെ ദൈവപുത്രത്വത്തെയും ദൈവപരിപാലനയിലുള്ള അവിടുത്തെ വിശ്വാസത്തെയും വെല്ലുവിളിക്കുന്നതാണ് മൂന്നാമത്തെ പ്രലോഭനം. ജെറുസലേം ദേവാലയഗോപുരത്തിന്റെ നെറുകയിൽ നിറുത്തിക്കൊണ്ട് പിശാച് യേശുവിനോട് ആവശ്യപ്പെടുക: ''നീ ദൈവപുത്രനാണെങ്കിൽ ഇവിടെ നിന്ന് താഴേക്ക് ചാടുക'' (ലൂക്കാ 4:9). മരുഭൂമിയിൽ യേശുവിനെ പരീക്ഷിച്ച പിശാചിന്റെ അതേ സ്വരമാണ് കുരിശിന്റെ ചുവട്ടിൽ യേശുവിന്റെ ശത്രുക്കൾക്ക്: ''നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങി വരിക'' (മത്താ. 27:40; മർക്കോ. 15:30; ലൂക്കാ 23:35). ഒരു ശക്തിപ്രകടനം നടത്തി കുരിശിൽനിന്ന് ഇറങ്ങി വരാനാണ് അവർ ഈശോയെ വെല്ലുവിളിക്കുന്നത്. അവരുടെ വെല്ലുവിളിയുടെ കുന്തമുന 'നീ ദൈവപുത്രനാണെങ്കിൽ' എന്ന പ്രയോഗത്തിലാണ്. യേശുവിന്റെ അസ്തിത്വത്തിന്റെ സാരാംശത്തിലാണ് അവർ ഉന്നം വയ്ക്കുന്നത്. കുരിശിൽ നിന്ന് ഇറങ്ങി വന്ന് താൻ ദൈവപുത്രനാണെന്ന് തെളിയിക്കുവാനാണ് അവർ വെല്ലുവിളിക്കുന്നത്. എന്നിട്ടും ദൈവപിതാവ് തനിക്കായി നിശ്ചയിച്ച കുരിശിൽ നിന്ന് ഈശോ ഇറങ്ങിയില്ല. കുരിശെന്നാൽ അവിടുത്തേക്ക് ദൈവഹിതമാണ്. കുരിശ് ഉപേക്ഷിച്ചുകൊണ്ടല്ല അതു സ്വീകരിച്ചുകൊണ്ടാണ് തന്റെ പുത്രസ്ഥാനം യേശു ഉറപ്പിക്കുന്നത്. ''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു'' (ലൂക്കാ 23:46). പരിഹാസങ്ങളുടെയും അധിക്ഷേപങ്ങളുടെയും പ്രകോപനങ്ങളുടെയും നടുവിൽ കുരിശിൽനിന്ന് ഇറങ്ങിവരാതെ, ദൈവഹിതപ്രകാരമുള്ള സഹനത്തിനു തന്നെത്തന്നെ വിട്ടുകൊടുത്ത് നമുക്ക് രക്ഷ നല്കിയ യേശുവിന്റെ മാതൃകയാണ് ന മ്മെയും പ്രചോദിപ്പിക്കേണ്ടത്.

പരീക്ഷകൻ ഇന്നും നമ്മെ വെല്ലുവിളിക്കുന്നത് മാമ്മോദീസായിലൂടെ നമുക്ക് ലഭിച്ച ദൈവപുത്ര–പുത്രി പദവിയെയാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രീ–പുത്രന്മാരാണ്. പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണു നമ്മൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം ആബാ –പിതാവേ– എന്നു വിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോടു ചേർന്ന് സാക്ഷ്യം നല്കുന്നു (റോമാ 8:14–16). ദൈവാത്മാവിനാൽ ജഡത്തിന്റെ പ്രവണതകളെ നിഹനിക്കാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. F